**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4907** **20-07-2022 - ൽ മറുപടിയ്ക്ക്**

**പ്ലസ്-വൺ കോഴ്സിന് അധിക ബാച്ചുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്ലസ്-വൺ സീറ്റുകളുടെ കുറവ് മൂലം, നിരവധി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിനും ഇഷ്ടപ്പെട്ട കോമ്പിനേഷൻ ലഭിക്കുന്നതിനും പ്രയാസമനുഭവപ്പെടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കഴിഞ്ഞ അക്കാഡമിക വർഷത്തെ പോലെ ഈ വർഷവും എല്ലാ ജില്ലകളിലും അധിക സീറ്റുകൾ അനുവദിക്കുകയും കഴിഞ്ഞ വർഷം അനുവദിച്ച താൽക്കാലിക ബാച്ചുകൾ നിലനിർത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽതന്നെ പ്ലസ് വൺ അഡ്മിഷന് ബുദ്ധിമുട്ടുണ്ടാകും എന്നു കരുതുന്നില്ല. |
| (ബി) | മലബാർ മേഖലയിലെ സ്കൂളുകളിൽ വർഷങ്ങളായി തുടരുന്ന പ്ലസ്-വൺ സീറ്റുകളുടെ കുറവ് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ അക്കാഡമിക വർഷത്തെ പോലെ ഈ വർഷവും എല്ലാ ജില്ലകളിലും അധിക സീറ്റുകൾ അനുവദിക്കുകയും കഴിഞ്ഞ വർഷം അനുവദിച്ച താൽക്കാലിക ബാച്ചുകൾ നിലനിർത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽതന്നെ പ്ലസ് വൺ അഡ്മിഷന് ബുദ്ധിമുട്ടുണ്ടാകും എന്നു കരുതുന്നില്ല. |
| (സി) | പ്ലസ്-വണ്ണിന് അധിക ബാച്ചുകൾ അനുവദിക്കുന്നതിനായി മലപ്പുറം ജില്ലയിൽ നിന്നും ഏതെല്ലാം സ്കൂളുകളാണ് അപേക്ഷ നല്കിയിരുന്നതെന്നും, പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ; | (സി) | പുതിയ ബാച്ചുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് മലപ്പുറം ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്. എന്നാൽ പുതുതായി ഹയർ സെക്കന്ററി സ്കൂളുകളോ ബാച്ചുകളോ ഈ അക്കാഡമിക വർഷം അനുവദിക്കേണ്ടതില്ല എന്നതാണ് സർക്കാർ നയം |
| (ഡി) | പ്രസ്തുത വിഷയത്തിലെ സർക്കാർ നയം വ്യക്തമാക്കുമോ? | (ഡി) | പുതിയ ബാച്ചുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് മലപ്പുറം ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്. എന്നാൽ പുതുതായി ഹയർ സെക്കന്ററി സ്കൂളുകളോ ബാച്ചുകളോ ഈ അക്കാഡമിക വർഷം അനുവദിക്കേണ്ടതില്ല എന്നതാണ് സർക്കാർ നയം |

സെക്ഷൻ ഓഫീസർ